04/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **CP.715*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.*14900 എസ്.ഐ.സി-ജി 6/20*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി ആനിജോയി,
മഞ്ഞപ്പള്ളിൽ,
വൈ.എം.സി.എ.(നീയർ),
ആയൂർ പി.ഒ., കൊല്ലം – 691 533. } അപ്പീൽ ഹർജിക്കാരി

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അസിസ്റ്റന്റ് സൂപ്പർചെക്ക് ഓഫീസർ,
സൂപ്പർ ചെക്ക് സെൽ,
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 21.12.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 23.12.2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി ആനി ജോയ്, 21.12.2020ന് സമർപ്പിച്ച പരാതി ഹർജി 23.12.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.715(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 17.09.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2008-2009ലെ ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്. എസിലെ സൂപ്പർ ചെക്ക് വിസിറ്റുമായി ബന്ധപ്പെട്ട ഫയലിന്റെ നടപടികളുടെ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കണമെന്നാണ്.

4. എതിർകക്ഷി 16.02.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും കോവിഡ്-19 നിലനിൽക്കുന്ന സാഹചര്യമായതിനാലാണ് മറുപടി നൽകാൻ കാലതാമസം നേരിട്ടതെന്നുമാണ്.

5. 23.10.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരിയുടെ ഭർത്താവ് ഹാജരായിരുന്നു. എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരിയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് മറുപടി നൽകിയതായും ടിയാൾ ആവശ്യപ്പെട്ട File No.SC(1)/86914/2014 ബന്ധപ്പെട്ട ഓഫീസിൽ ലഭ്യമല്ലെന്നും എതിർകക്ഷി അറിയിച്ചതു പ്രകാരം പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്ന് എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 20-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION